# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5774

## 19-11-2019 ൽ മറുപടിക്ക്

### കിഫ്ബി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പരിശോധന

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മുപ്പത്തി ഒന്നാമത് ബോർഡ് മീറ്റിംഗിന്റെ അജണ്ട നമ്പർ 14 എന്തായിരുന്നു; അതിന്മേൽ ബോർഡ് എടുത്ത തീരുമാനം എന്തായിരുന്നു; പ്രസ്തുത ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചത് ആരായിരുന്നുവെന്ന് അറിയിക്കാമോ; | കിഫ്ബിയുടെ മുപ്പത്തി ഒന്നാമത് ബോർഡ് യോഗത്തിൽ 14 മത് അജണ്ടയായി കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായുള്ള പൊതു മാർഗ്ഗരേഖയും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗത്തിനായുള്ള പ്രവർത്തന മാർഗ്ഗരേഖയും അംഗീകരത്തിനായി സമർപ്പിക്കുകയും, ആയത് അംഗീകരിക്കുകയും ചെയ്തു. പുന:സംഘടിക്കപ്പെട്ട കിഫ് ആക്ടിൽ കിഫ്ബി മുഖേന ധനസഹായം ലഭ്യമാകുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ആവശ്യകത നിഷ്കർഷിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി പ്രവർത്തിച്ചുവരുന്നു. കിഫ്ബി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഈ സാഹചര്യത്തിൽ ഒരേ പദ്ധതികൾക്ക് സമാന്തരമായി ധനകാര്യവകുപ്പിനു കീഴിൽ തന്നെ മറ്റൊരു വിഭാഗമായ സി.റ്റി.ഇയുടെ സേവനം കൂടി ആവശ്യമില്ലാത്ത സാഹചര്യത്തിൽ, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിൽ നിന്നും കിഫ്ബി പദ്ധതികളെ ഒഴിവാക്കുന്നതിന് ബോർഡ് തലത്തിൽ തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുവാനും തീരുമാനിച്ചു. പ്രസ്തുത മീറ്റിങ്ങിന്റെ അധ്യക്ഷൻ കിഫ്ബോർഡ് ചെയർമാൻ കൂടിയായ ബഹു. മുഖ്യമന്ത്രിയായിരുന്നു. |
| (ബി) സർക്കാർ നടപ്പിലാക്കുന്നതും സാങ്കേതിക പരിജ്ഞാനം ആവശ്യമായിട്ടുള്ളതുമായ മുഴുവൻ പ്രോജക്ടുകളും സൂക്ഷ്മമായി പരിശോധിക്കുന്നതിന് ധനകാര്യ (സി.ടി.ഇ) വിഭാഗത്തെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ കിഫ്ബി നടപ്പിലാക്കുന്ന പ്രോജക്ടുകൾ ധനകാര്യ (സി.ടി.ഇ) വിഭാഗം പരിശോധിക്കേണ്ടതില്ലായെന്നും പ്രസ്തുത പ്രോജക്ടുകൾ കിഫ്ബി തന്നെ പരിശോധിച്ചാൽ മതിയെന്നും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; | |

| | |
|---|---|
| (സി) മേൽ വിഷയം പരിശോധിച്ച ഫയലിൽ സി.ടി.ഇ. കിഫ്ബിയുടെ നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നോ; പ്രസ്തുത നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | പ്രസ്തുത വിഷയം ധനവകുപ്പിൽ പരിശോധിക്കുകയും കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം നിർവ്വഹിക്കുന്ന ഉത്തരവാദിത്വങ്ങൾ സി.ടി.ഇ തലത്തിൽ ആവർത്തിക്കേണ്ടതില്ല എന്ന് തീരുമാനമെടുക്കുകയും ചെയ്തു. അതേസമയം ഏതെങ്കിലും തരത്തിലുള്ള Specific report ന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിക്കുന്ന കിഫ്ബി പ്രവർത്തികളിൽ സി.ടി.ഇ പരിശോധന ആകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ